## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 540** **08-10-2024 - ൽ മറുപടിയ്ക്ക്**

## നികുതി വരുമാനത്തിലുണ്ടായ വളർച്ച

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ ജി.എസ്.ടി സംവിധാനം അനുസരിച്ച് ജി.എസ്.ടി വകുപ്പിനെ അടിമുടി പുന:സംഘടിപ്പിച്ചതിന്റെ ഫലമായി 2020-21 മുതലുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ കാര്യമായ വളർച്ച ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. വകുപ്പിന്റെ പുനഃസംഘടനയിൽ പ്രധാനമായും വകുപ്പിനെ മൂന്ന വെർട്ടിക്കലുകൾ ആയി ആണ് തരംതിരിച്ചത്. ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്, ഓഡിറ്റ്, ടാക്സ്പെയർ സർവ്വീസസ്. ഇത് കൂടാതെ മറ്റ അനുബന്ധ വിഭാഗങ്ങളും പ്രവർത്തിച്ചുവരുന്നു. പുനഃസംഘടനയിലൂടെ സംസ്ഥാനത്തുടനീളം 47 എൻഫോഴ്സ്മെന്റ് സ്കാഡ് രൂപീകരിച്ചുകൊണ്ട് ചരക്ക് വാഹനങ്ങളിലെ ബിൽ, ഇവേ ബിൽ പരിശോധനകളിലൂടെ നികുതി വെട്ടിച്ച സംസ്ഥാനത്തേക്ക് ചരക്ക് കടത്തുന്നത് തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃത ചരക്ക് സംസ്ഥാനത്തേക്ക് കടത്തുന്നത് തടയാൻ കഴിയുന്നു. മൊബൈൽ ആപ്പ് വഴിയും ഇവേ ബിൽ ഒഫീഷ്യൽ സൈറ്റ് വഴിയും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകുകയും ഇതുവഴി സേവന മേഖലയിലെ നികുതി പിരിവുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിന് വകുപ്പിനെ പ്രാപ്തമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. വകുപ്പിലെ ഇന്റലിജൻസ് വിഭാഗം സേവന മേഖലയിൽ വലിയ രീതിയിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജി.എസ്.ടി യെ സംബന്ധിച്ച് വ്യാപാരികൾ, നികുതി പ്രാക്ടീഷണേഴ്സ് പൊതുജനങ്ങൾ, എന്നിവരിൽ അവബോധം സൃഷ്ടിക്കാനായി ഫേസ് ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്ട്സ്ആപ്പ് തുടങ്ങിയ സാമൂഹിക മാധ്യമങ്ങൾ വഴി ജി.എസ്.ടി റിട്ടേൺസ് കൃത്യ സമയത്ത് ഫയൽ ചെയ്യുവാൻ പ്രേരിപ്പിക്കുന്ന വിവിധ പോസ്റ്ററുകൾ, മോഷൻ പോസ്റ്റേഴ്സ്, അനിമേഷൻ വീഡിയോസ്, വീഡിയോ ഇൻഫോഗ്രാഫിക്സ് തുടങ്ങിയ കാമ്പയിനുകൾ സംഘടിപ്പിച്ചു. നികുതി വെട്ടിപ്പ് സംബന്ധിച്ച് വ്യാപാരികൾക്കും, പൊതുജനങ്ങൾക്കും ഇടയിൽ അവബോധം സൃഷ്ടിക്കാനായി |

ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗം കണ്ടെത്തിയ വിവിധ കേസുകൾ സംബന്ധിച്ച പോസ്റ്ററുകൾ, വാർത്തകൾ എന്നിവ സാമൂഹിക മാധ്യമങ്ങൾ വഴി പ്രചാരണം നൽകി. ഇത് വഴി നികുതി വെട്ടിപ്പ് നടത്തിയാൽ ലഭിക്കുന്ന ശിക്ഷാ നടപടികളെക്കുറിച്ച് വ്യാപാരികൾക്കും, പൊതുജനങ്ങൾക്കും ഇടയിൽ അവബോധം സൃഷ്ടിക്കാനും നികുതി വെട്ടിപ്പ് തടയാനുമായിട്ടുണ്ട്. അനധികൃത ചരക്ക് സംസ്ഥാനത്തേക്ക് കടത്തുന്നത് തടയാൻ കഴിയുന്ന മൊബൈൽ ആപ്പ് വഴിയും ഇ-വേ ബിൽ ഒഫീഷ്യൽ സൈറ്റ് വഴിയും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്റലിജൻസ് വിഭാഗം, ഓപ്പറേഷൻ ഫണം, ഓപ്പറേഷൻ പാംട്രീ, ഓപ്പറേഷൻ Guapo എന്നീ പേരുകളിൽ ആക്രി മേഖല, റസ്റ്റോറന്റ് മേഖല, മേക്കപ്പ് ആർട്ടിസ്റ്റ് എന്നീ മേഖലകളിൽ പരിശോധനകൾ നടത്തുകയും നികുതി വെട്ടിപ്പ് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ബുക്ക് ചെയ്ത 2306 കേസുകളിൽ നിന്ന് 13.19 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ഓഗസ്റ്റ് വരെയുള്ള കാലയളവിൽ ടാക്സ് പെയർ വിഭാഗം 11850 അഡ്ജൂഡിക്കേഷൻ കേസുകൾ തീർപ്പാക്കിയിട്ടുണ്ട്.2024 ജനുവരിയിൽ ആണ് ജിഎസ്.ടി ഓഡിറ്റ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. 2024 ഓഗസ്റ്റ് മാസം വരെ ഓഡിറ്റ് ടീമുകൾ 368 ഡ്രാഫ്റ്റ് ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഓഡിറ്റ് വെർട്ടിക്കൽ 2024 ഓഗസ്റ്റ് വരെ 26.29 കോടി ശേഖരിച്ചിട്ടുണ്ട്.കൂടാതെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജി എസ് ടി വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടത്തിവരുന്നു. റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്തു വകുപ്പിന്റെ പുനഃസംഘടനയിൽ ഇതിനായി എല്ലാ ജില്ലകളിലും പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. വകുപ്പുതലത്തിലും തഹസീൽദാർ (ആർ ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. ഒറ്റത്തവണതീർപ്പാക്കൽ പദ്ധതിയായ ആംനെസ്റ്റി പദ്ധതിയിലൂടെയും നികുതി കുടിശ്ശിക തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. നികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കുന്നതിന് 2024 വർഷത്തെ ഫിനാൻസ് ആക്ട് പ്രകാരം ജി എസ് ടി നിയമം നിലവിൽ വരുന്നതിനു മുൻപുള്ള ചില നിയമത്തിനു കീഴിൽ വരുന്ന നികുതി കുടിശ്ശിക തീർപ്പാക്കുന്നതിലേക്കു ആംനെസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. 2020-21 മുതലുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന

| | | | |
|---|---|---|---|
| | | | ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന നികുതി നിയമങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. ഇതുകൂടാതെ ജി എസ് ടി കോമ്പൻസേഷൻ തുക ഇനത്തിൽ നാളിതുവരെ 43363.51 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നതിൽ കേന്ദ്രം വരുത്തിയ വീഴ്ച, റവന്യൂ കമ്മി ഗ്രാന്റിൽ കേന്ദ്രം വരുത്തിയ കുറവ് തുടങ്ങിയ ഘടകങ്ങൾ സംസ്ഥാനത്തെ എത്രത്തോളം സാമ്പത്തികമായി ഞെരുക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തിന് ജി എസ് ടി കോമ്പൻസേഷൻ തുക ഇനത്തിൽ നാളിതുവരെ 43363.51 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| സാമ്പത്തിക വർഷം | നികുതി (ജി.എസ്.ടി + നോൺ ജി.എസ്.ടി) (കോടി)* | വർദ്ധനവ് |
|---|---|---|
| 2020-21 | 37371.91 | |
| 2021-22 | 46431.34 | 9059.43 |
| 2022-23 | 55970.31 | 9538.97 |
| 2023-24 | 58571.09 | 2600.78 |
| 2024-25 സെപ്റ്റംബർ 30 വരെ | 29021.98 | |

* പ്രൊവിഷണൽ

* ഐ ജി എസ് ടി അഡ്ഹോക് ഉൾപ്പെടെ.

Jasmin

സെക്ഷൻ ഓഫീസ

2023.03.11 16:29